# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5408 | 18.11.2019 - ൽ മറുപടിക്ക് |

## കരുനാഗപ്പള്ളി മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ആർ. രാമചന്ദ്രൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് വിശദീകരിക്കുമോ; | (എ)<br>&<br>(ബി) | റീബിൽഡ് കേരള പദ്ധതിയിൽ മണ്ഡലാടിസ്ഥാനത്തിലല്ല, മറിച്ച്, സംയോജിത ജലവിഭവ മാനേജ്മെന്റ്, ജലവിതരണം, ശുചിത്വം, നഗരവികസനം, റോഡുകളും പാലങ്ങളും,ഗതാഗതം, വനം,കൃഷി, മൃഗക്ഷേമവും ക്ഷീരവികസനവും, മത്സ്യമേഖല,ഉപജീവനോപാധികൾ, ഭൂമി, എന്നിങ്ങനെ വിവിധ മേഖലകളുമായി ബന്ധപ്പെട്ട നയസമീപനം, സ്ഥാപനതലത്തിലും, നിയന്ത്രണ തലത്തിലുമുള്ള പ്രവർത്തനങ്ങൾ, മുൻഗണന നൽകേണ്ട നിക്ഷേപ പദ്ധതികൾ, തുടങ്ങിയവയിലൂടെ അതിജീവനക്ഷമമായൊരു കേരളം കെട്ടിപ്പടുക്കുന്നതിനുവേണ്ട പദ്ധതികളാണ് ഏറ്റെടുക്കുന്നത്.<br>വിവിധ വകുപ്പുകൾ സമർപ്പിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ റീ ബിൽഡ് കേരളയുടെ ഇംപ്ളിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി എന്നിവയുടെ ശുപാർശയോടെ മന്ത്രിസഭക്ക് സമർപ്പിക്കുകയും മന്ത്രിസഭയുടെ അംഗീകാരം ലഭിക്കുന്ന മുറക്ക് പദ്ധതികൾക്ക് റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് ഭരണാനുമതി നൽകുകയും അതതു വകുപ്പുകൾ പദ്ധതികൾ നടപ്പാക്കുകയുമാണ് ചെയ്യുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ഏതെങ്കിലും പ്രത്യേക ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ; | | |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഏതെല്ലാം പദ്ധതികളുടെ നിർദ്ദേശം ലഭിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ? | (സി) | വിവിധ വകുപ്പുകൾ റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് മുമ്പാകെ സമർപ്പിച്ച വിവിധ പദ്ധതി നിർദ്ദേശങ്ങൾ റീബിൽഡ് കേരള ഇനിഷ്യേറ്റീവ്-ഇംപ്ളിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി എന്നിവർ പരിഗണിച്ചു വരുന്നു. ചുവടെ പറയുന്ന പദ്ധതികൾ തത്വത്തിൽ അംഗീകരിച്ചുകൊണ്ട് 13/08/2019-ൽ സർക്കാർ ഉത്തരവായിട്ടുണ്ട്.<br>1. പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള 31 റോഡുകളുടെ പുനർനിർമാണത്തിനായി നടപ്പുസാമ്പത്തികവർഷം 300 കോടി രൂപ (ലോകബാങ്കിന്റെ വികസന നയവായ്പയിൽനിന്ന്)<br>2. തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിൽ എട്ടു ജില്ലകളിലായി 603.74 കിലോമീറ്റർറോഡുകളുടെ പുനർനിർമാണത്തിന് 488 കോടി രൂപ (ലോകബാങ്കിന്റെ വികസന നയവായ്പയിൽനിന്ന്)<br>3. ഗതാഗത വകുപ്പ് സമർപ്പിച്ച ബ്രഹ്മപുരത്ത് കടമ്പ്രയാർ നദിക്കു കുറുകെ പുതിയ ടു ലെയിൻ പാലം നിർമിക്കുന്നതിനുള്ള 30 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം.<br>4. വനംവകുപ്പിന്റെ ആകെ 130.40 കോടി രൂപയുടെ മൂന്നു പദ്ധതികൾക്ക് തത്വത്തിൽ അംഗീകാരം.<br>5.മത്സ്യബന്ധന വകുപ്പിന്റെ കൂട് മൽസ്യകൃഷിക്കുള്ള 3.2 കോടി രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം.<br>(3 മുതൽ 5 വരെ പദ്ധതികൾക്ക് വിശദമായ റിപ്പോർട്ട് ലഭിച്ചതിനു ശേഷം ഭരണാനുമതി) ഇതിനു പുറമെ ജലവിഭവം , തദ്ദേശ സ്വയംഭരണം , കൃഷി , മൃഗപരിപാലനം, റവന്യൂ തുടങ്ങിയ വിവിധ വകുപ്പുകളുടെ പദ്ധതികൾ അംഗീകാരത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. |

സെക്ഷൻ ഓഫീസർ